സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,

നം: സി.പി(3)3909/2014 തീയതി : 12-05-2014

*E-mail :keralarcs@coop.kerala.gov.in*
*Website:www.cooperation.kerala.gov.in*

## സർക്കുലർ നം : 20 /2014

വിഷയം:- സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ - ബൈലാ വ്യവസ്ഥകൾ - നിയമപരമല്ലാത്ത വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നമ്പർ 24/2011.

**********

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും, ബൈലാ ഭേദഗതി സംബന്ധിച്ചും 1969-ലെ കേരള സഹകരണ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ചും സൂചന പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും, ടി നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിൽ ചില ജോയിന്റ് രജിസ്ട്രാർമാർ ശ്രദ്ധ പുലർത്തുന്നില്ല എന്നു കാണുന്നു. സൂചന സർക്കുലറിലെ 4-ാം ഖണ്ഡികയിൽ വ്യക്തമായി പരാമർശിച്ചിരുന്നിട്ടും, ചട്ടം 15-ൽ തരംതിരിച്ചിട്ടുള്ള ഓരോ തരം സംഘങ്ങളുടെയും ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ ബൈലായിൽ ഉൾക്കൊള്ളിച്ച് സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. പലവക വിഭാഗത്തിൽപ്പെടുന്ന പല സംഘങ്ങളും, കാർഷിക/കാർഷികേതര വായ്പ വിതരണം ചെയ്യുന്നതിനും, കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും, വിപണനം നടത്തുന്നതിനും, ഗോഡൗണുകൾ നിർമ്മിക്കുന്നതിനും, അംഗങ്ങളല്ലാത്തവർക്കുൾപ്പെടെ വായ്പകൾ നൽകുന്നതിനും, ഭവന വായ്പ നൽകുന്നതിനും, നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും, സുരക്ഷാ സൗകര്യങ്ങളില്ലാതെ സ്വർണ്ണ പണയ വായ്പ നൽകുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടാണ് സംഘം രജിസ്ട്രേഷനും, ബൈലായും രജിസ്റ്റർ ചെയ്തു നൽകുന്നത്. ഇപ്രകാരം നിയമവിരുദ്ധമായി ഉൾക്കൊള്ളിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ചില ജില്ലകളിൽ അംഗീകരിച്ചു നൽകുന്ന ബൈലാകൾ, മാതൃകയാക്കി പല ജില്ലകളിലും നിയമവിരുദ്ധമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലാകൾ രജിസ്റ്റർ ചെയ്തു നൽകിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ കേരള സഹകരണ നിയമം, വകുപ്പ് 4-ലെ വ്യവസ്ഥകൾക്കനുസൃതമാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതെന്ന് നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. വായ്പാ മേഖലയെയും, ത്രിതല വായ്പാ സംവിധാനത്തിനെയും ദുർബലപ്പെടുത്തുന്നതിന് ഇടയാക്കുന്ന വ്യവസ്ഥകൾ ബൈലായിൽ ഉൾക്കൊള്ളിച്ച് രജിസ്റ്റർ ചെയ്തു നൽകുന്ന നടപടി ഗുരുതരമായി

വീക്ഷിക്കുകയാണ്. സഹകരണ നിയമം വകുപ്പ് 4-ലെ പ്രൊവിസോ കൂടി ഇത്തരുണത്തിൽ ശ്രദ്ധയിൽപ്പെടുത്തുന്നു.

"Provided that no co-operative society shall be registered if it is likely to be economically unsound, or the registration of which have an adverse effect on development of co-operative movement"

ചട്ടം 15-ലെ തരംതിരിവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവും, സഹകരണ പ്രസ്ഥാനത്തിന് ഹാനികരമല്ലാത്തതും ചട്ടം 15-ൽ ഉദാഹരണമായി കാണിച്ചിട്ടുള്ള സ്വഭാവത്തോടുകൂടിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു മാത്രമേ ജോയിന്റ് രജിസ്ട്രാർക്കു കഴിയുകയുള്ളൂ എന്നും, ഓർമ്മപ്പെടുത്തുന്നു. കേരള സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ കേരള സഹകരണ സംഘം (ഭേദഗതി നിയമം) 2013 (2013-ലെ 8-ാം നമ്പർ നിയമം) പാസ്സാക്കിയിട്ടുണ്ട്. ഈ നിയമ ഭേദഗതി പ്രകാരം വകുപ്പ് **13 A** കൂട്ടിച്ചേർത്തിട്ടുണ്ട്. വകുപ്പ് **13 A** യിലെ വ്യവസ്ഥ ചുവടെ ചേർക്കുന്നു.

**Subject matter of Byelaws:-** Every co-operative society shall make its byelaws consistent with the provisions of this Act and Rules and no provision in the byelaws of a co-operative society shall be contrary to the provisions of the Act and Rules.

മേൽ പരാമർശിച്ച വകുപ്പ് **13 A** യിലെ നിയമ വ്യവസ്ഥ പ്രകാരം കേരള സഹകരണ സംഘം നിയമത്തിനും ചട്ടത്തിനും വിധേയമല്ലാത്ത ബൈലാ വ്യവസ്ഥകളും ആയതിന്റെ അടിസ്ഥാനത്തിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കും നിയമസാധുത ഉണ്ടായിരിക്കുന്നതല്ല. ജോയിന്റ് രജിസ്ട്രാർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സഹകരണ സ്ഥാപനങ്ങളുടെ നിലവിലുള്ള ബൈലാ വ്യവസ്ഥകൾ പരിശോധിച്ച് നിയമ വിധേയമല്ലാത്ത വ്യവസ്ഥകൾ ബൈലായിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

കേരള സഹകരണ നിയമം വകുപ്പ് **4, 13A**,ചട്ടം **15** എന്നിവയ്ക്ക് അനുസൃതമായ ഉദ്ദേശ ലക്ഷ്യങ്ങളോടും, വ്യവസ്ഥകളോടും കൂടി മാത്രമേ ബൈലാകൾ അംഗീകരിച്ചു നൽകാവൂ എന്നും, ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടിവരുമെന്നും അറിയിക്കുന്നു.

മേലിൽ ജില്ലകളിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ സംഘത്തിന്റെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ബൈലാ, കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റ് എന്നിവയുടെ ഒരു പകർപ്പ് വീതം, സഹകരണസംഘം രജിസ്ട്രാർക്കും കൂടി സമർപ്പിക്കേണ്ടതും, പിന്നീട് ബൈലായിൽ വരുത്തുന്ന ഭേദഗതികളുടെ പകർപ്പും രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്/-
എസ്.ലളിതാംബിക ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ